LIBRARY ARCHIVES Kerala Legislative Assembly

കഴക്കൂട്ടം സ്വീവറേജ് പദ്ധതി

236(542) ശ്രീ. കടകംപള്ളി സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴക്കൂട്ടം മണ്ഡലത്തിൽ നടന്നുവരുന്ന സ്വീവറേജ് പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുവാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ എന്ന് പൂർത്തിയാക്കാനാകുമെന്ന് അറിയിക്കുമോ?

(എ&ബി) കഴക്കൂട്ടം നിയോജകമണ്ഡലത്തിൽ കണ്ണമ്മൂല-അയ്യൻകാളി റോഡിൽ നിന്നും തുടങ്ങി പടിഞ്ഞാറ്റിൻ ലൈനിൽ (സ്റ്റേറ്റ് പ്ലാൻ പദ്ധതി) പുതുതായി നിർമ്മിക്കുന്ന പൊതു മാൻഹോളിലേക്ക് 200 mm മുതൽ 300 mm വരെ വ്യാസമുള്ള സ്വീവർ പൈപ്പുകൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ 15% പൂർത്തിയായി. 8 മാസം കൊണ്ട് പണികൾ പൂർത്തീകരിക്കാനാവും. അമൃത് പദ്ധതിയിലുൾപ്പെടുത്തി കഴക്കൂട്ടം നിയോജകമണ്ഡലത്തിലെ സ്വീവറേജ് പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു. സ്വീവറേജ് പദ്ധതിയുടെ ചില പ്രവൃത്തികൾക്ക് നിരവധി തവണ ദർഘാസുകൾ ക്ഷണിച്ചിട്ടും ആരും പങ്കെടുക്കാത്തതിനാൽ അവയുടെ എസ്റ്റിമേറ്റ് പുതുക്കി അവയ്ക്ക് പുതുക്കിയ ഭരണാനുമതി ലഭ്യമാക്കേണ്ടതായി വന്നിട്ടുണ്ട്. ഇടയ്ക്കിടയ്ക്കുള്ള കനത്ത മഴ പദ്ധതികളുടെ പുരോഗതിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ചില സ്ഥലങ്ങളിൽ ദേശീയ പാത മുറിച്ച് പൈപ്പ് ലൈൻ സ്ഥാപിക്കേണ്ടതുണ്ട്. അതിന് ദേശീയ പാതാ അതോറിറ്റിയിൽ നിന്നും അനുമതി ലഭിക്കുന്നതിനുണ്ടാകുന്ന കാലതാമസവും പദ്ധതികളുടെ പുരോഗതിയെ ബാധിച്ചു. പ്രതികൂല സാഹചര്യങ്ങളെ തരണം ചെയ്ത് പദ്ധതികൾ പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സ്വീവറേജ് പദ്ധതികളും അവയുടെ പുരോഗതിയും പൂർത്തീകരണ തീയതിയും അനുബന്ധമായി ചേർക്കുന്നു.* പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തുന്നതിനും സമയബന്ധിതമായി പൂർത്തിയാക്കുന്നത് ഉറപ്പാക്കുന്നതിനും ജോലിയുടെ പുരോഗതി ത്വരിതപ്പെടുത്തുന്നതിനും സർക്കിൾ ഓഫീസ് തലത്തിൽ വിശദമായ കരാർ തിരിച്ചുള്ള അവലോകനം നടത്തി. വിശദമായ വർക്ക് പ്ലാൻ സമർപ്പിക്കാൻ നിർദ്ദേശിക്കുകയും നിലവിൽ പണി പുനരാരംഭിക്കുകയും ത്വരിത ഗതിയിൽ നടക്കുകയും ചെയ്യുന്നു. നടന്നുകൊണ്ടിരിക്കുന്ന ജോലികൾ സൂക്ഷ്മമായി നിരീക്ഷിക്കാനും സൈറ്റിൽ എന്തെങ്കിലും പ്രശ്നങ്ങളുണ്ടെങ്കിൽ തടസ്സങ്ങൾ സംബന്ധിച്ച് ഉന്നത അധികാരികളുടെ ശ്രദ്ധ ക്ഷണിക്കാനും ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി. എല്ലാ പ്രവൃത്തികളും മാർച്ച് 2022-ൽ പൂർത്തിയാക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) കരിക്കകം, ശ്രീകാര്യം, ലയോള എന്നിവിടങ്ങളിലെ വാട്ടർ ടാങ്കുകൾ പ്രവർത്തനക്ഷമമാക്കുവാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

കേരള ഹെൽത്ത് ഡിപ്പാർട്ട്മെന്റിന്റെ നിർദ്ദേശം അനുസരിച്ച് വെള്ളത്തിൽ നൈട്രേറ്റിന്റെ അളവ് അനുവദനീയ അളവിൽ കൂടുതൽ ആയതിനാൽ blue baby syndrome ഉണ്ടാകുന്നതിനുള്ള സാധ്യത കണക്കിലെടുത്ത് 2015-ൽ കരിക്കകം പമ്പ് ഹൗസിന്റെ പ്രവർത്തനം നിർത്തിയതാണ്. തുടർന്ന് JICA Scheme കമ്മീഷൻ ചെയ്തതിന് ശേഷം ജെൻറം ലൈൻ വഴി കുടിവെള്ള വിതരണം ടി ഭാഗത്ത് നടത്തി വരുന്നു. 6-5-2021-ൽ മുൻ ദേവസ്വം വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ കൂടിയ മീറ്റിംഗിന്റെ തീരുമാന പ്രകാരം ടി പമ്പ് ഹൗസിലെ വെള്ളം ഫ്ലഷ് ചെയ്ത് ഉണ നിലവാരം വീണ്ടും പരിശോധിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ലയോള ടാങ്കിൽ മുൻകാലങ്ങളിൽ വെള്ളം കയറ്റിയിരുന്നു. എന്നാൽ ഇപ്പോൾ ടാങ്കിൽ കയറ്റാതെ തന്നെ നേരിട്ട് വിതരണം ചെയ്യുന്നതിനുള്ള ജലം ലഭിക്കുന്നുണ്ട്. ശ്രീകാര്യം പോങ്ങുംമൂട് വാട്ടർ ടാങ്കിൽ നിലവിൽ വെള്ളം കയറ്റുകയും അതിൽ നിന്നും സുഗമമായി ജലവിതരണം നടത്തുകയും ചെയ്യുന്നുണ്ട്. KIIFB ധനസഹായത്തോടെ പേരൂർക്കടയിൽ നിന്ന് മൺവിള വരെ പോകുന്ന 900 PSC line 1219, 1118, 914, 813 & 711 മില്ലീമീറ്റർ വ്യാസമുള്ള എം.എസ് പൈപ്പുകൾ ഉപയോഗിച്ച് റീപ്ലേസ് ചെയ്യുന്ന പ്രവൃത്തികൾ നടന്നുവരികയാണ്. പുതിയ 700 mm എം.എസ്. ലൈനിൽ നിന്ന് ലയോള ടാങ്കിലേക്ക് കണക്ട് ചെയ്യാവുന്നതാണ്.

(ഡി) പുതുകുന്ന് വാട്ടർ ടാങ്കിൽ നിന്ന് എല്ലാ ദിവസവും ഹൈലെവൽ പമ്പിംഗ് നടത്തുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

പുതുക്കുന്ന് പമ്പ് ഹൗസിൽ ആഴ്ചയിൽ രണ്ട് ദിവസം ലോ ലെവൽ ടാങ്കിന്റെ ജല ലഭ്യത അനുസരിച്ച് ഹൈ ലെവൽ ടാങ്കിലേക്ക് പമ്പ് ചെയ്യുന്നുണ്ട്. ചൊവ്വാഴ്ച രാത്രി 10 മണി മുതൽ ബുധനാഴ്ച രാത്രി 10 മണി വരെയും (24 മണിക്കൂർ) വെള്ളിയാഴ്ച രാത്രി 10 മണി മുതൽ ശനിയാഴ്ച രാത്രി 10 മണി വരെയുമാണ് സാധാരണ പമ്പ് ചെയ്യുന്നത്. പേരൂർക്കടയിൽ നിന്ന് മൺവിള വരെ എം.എസ്. പൈപ്പുകൾ സ്ഥാപിക്കുമ്പോൾ പ്രസ്തുത ലൈനിൽ നിന്ന് 600 mm DI ബ്രാഞ്ച് വഴി കരിയത്ത് വച്ച് പുതുകുന്ന് ടാങ്കിലേക്ക് പോകുന്ന 600 mm DI പൈപ്പുമായി ബന്ധിപ്പിക്കാവുന്നതാണ്.

(ഇ) 2021-22 ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന കഴക്കൂട്ടം-ശ്രീകാര്യം-ആക്കുളം സീവറേജ് പദ്ധതിയുടെ പ്രവർത്തനപുരോഗതി വിശദമാക്കാമോ?

2021-22 വർഷത്തിലെ സംസ്ഥാന ബഡ്ജറ്റിൽ 50 കോടി അടങ്കൽ തുക കണക്കാക്കി ഈ സാമ്പത്തിക വർഷത്തിൽ 100 രൂപ ടോക്കൺ പ്രൊവിഷൻ ഉൾക്കൊള്ളിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കി വരുന്നു.